I/133354/2023

## തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം

ഇമെയിൽ : jdlsgdmpm@gmail.com

തീയ്യതി : 24-11-2023

ഫോൺ : 0483- 2734838

**ജില്ലാ സ്ഥിരം അദാലത്ത് സമിതി**

കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, കെട്ടിട നമ്പറിംഗ്, ലൈസൻസുകൾ, ജനന മരണ വിവാഹ രജിസ്ട്രേഷൻ, എന്നീ വിഷയങ്ങളിൽ അപേക്ഷ നൽകിയിട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം നൽകാത്ത കാര്യത്തിൽ ഹർജി പരിഗണിക്കുന്നതിന് ജില്ല സ്ഥിരം അദാലത്ത് സമിതി വെബ്സൈറ്റ് (adalat.lsgdkerala.gov.in)

**അദാലത്ത് നമ്പർ - 6, തീയതി-17/11/2023 -യോഗത്തിന്റെ മിനിട്സ്**

17/11/2023 - വെള്ളിയാഴ്ച ഉച്ചക്ക് ശേഷം 3.30 മണിക്ക് ബഹു.ജില്ലാ ജോയിൻറ് ഡയറക്ടറുടെ ചേമ്പറിൽ വച്ച് ജില്ലാ സ്ഥിരം അദാലത്ത് സമിതി യോഗം ചേർന്നു.

**ഹാജർ**

1) ശ്രീ ബൈജു.വി, തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ.
2) ശ്രീമതി. റെനി എൽ.ജെ, ഡെപ്യൂട്ടി ടൗൺ പ്ലാനർ, മലപ്പുറം.
3) സുൾഫിക്കർ.എൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് മലപ്പുറം, മെമ്പർ, ജില്ലാ തല അദാലത്ത് സമിതി.
4) ശ്രീ.കൃഷ്ണകുമാർ.ജി, ജൂനിയർ സൂപ്രണ്ട്, ജോയിൻറ് ഡയറക്ടർ ഓഫീസ്, മലപ്പുറം.
5) ശ്രീമതി. അസീന ചെറുപള്ളിക്കൽ, സെക്രട്ടറി, കരുളായി ഗ്രാമപഞ്ചായത്ത്.
6) ശ്രീ.സുതൻ.കെ.എസ്, അസിസ്റ്റന്റ് സെക്രട്ടറി, നന്നമുക്ക് ഗ്രാമപഞ്ചായത്ത്.
7) ശ്രീമതി.വിമിഷ. കെ, ക്ലാർക്ക്, ജോയിന്റ് ഡയറക്ടർ ഓഫീസ്, മലപ്പുറം.
8) ശ്രീമതി.ബിന്ദു.ടി സീനിയർ ക്ലാർക്ക്, കരുളായി ഗ്രാമപഞ്ചായത്ത്.
9) ശ്രീമതി.ലത.കെ, സീനിയർ ക്ലാർക്ക്, നന്നമുക്ക് ഗ്രാമപഞ്ചായത്ത്.
10) ശ്രീ. ജാഫർ.എൻ, പരാതിക്കാരൻ കരുളായി ഗ്രാമപഞ്ചായത്ത്.
11) ശ്രീ. ഉമ്മർ എം.വി, പരാതിക്കാരൻ നന്നമുക്ക് ഗ്രാമപഞ്ചായത്ത്.

കൃത്യം 3.30 മണിക്ക് യോഗം ആരംഭിച്ചു.

ജില്ലാ തലത്തിലേക്ക് എസ്കലേറ്റ് ചെയ്യപ്പെട്ട നന്നമുക്ക്, കരുളായി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള 2 പരാതികൾ ഉണ്ടായിരുന്നു.

I/133354/2023

ശ്രീ. എം.വി ഉമ്മർ എന്നയാൾ നന്നമുക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസിനായി അപേക്ഷ സമർപ്പിച്ചു എങ്കിലും ലൈസൻസ് അനുവദിച്ചില്ല എന്ന പരാതി പരാതിക്കാരൻറെയും പഞ്ചായത്തിൻറെയും ഭാഗം കേട്ട് ഇൻറേണൽ ഓഫീസറുടെ റിപ്പോർട്ട് സഹിതം വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

നന്നമുക്ക് ആറാം വാർഡിലെ മർവാ ഷോപ്പിംഗ് കോംപ്ലക്സ് ബിൽഡിങ്ങിൽ 721 J നമ്പരിലുള്ള കടമുറിയിൽ Laundry, Steaming, Ironing, Dry Cleaning എന്ന സ്ഥാപനം തുടങ്ങാൻ വേണ്ടി 10/08/2023 ന് പഞ്ചായത്ത് ലൈസൻസിന് അപേക്ഷിച്ചിരുന്നു. ടി കടമുറി അടങ്ങിയ കെട്ടിടം മുഹമ്മദ് കുട്ടി ഹാജി, ഹംസ, അബൂബക്കർ സിദ്ദിഖ്, അബ്ദുൽ കരിം എന്നീ നാല് പേരുടെ ഉടമസ്ഥതയിലാണ് നിലവിൽ സഞ്ചയ അസസ്സ്മെൻറ് രജിസ്റ്റർ പ്രകാരം. മറ്റ് മൂന്ന് പേർ ശ്രീ.അബ്ദുൾ കരീമിന് നൽകിയ മുക്ത്യാർ നിലവിലുണ്ട്. എന്നാൽ 2020 ൽ കെട്ടിട ഉടമസ്ഥരിൽ ഒരാളായ മുഹമ്മദ് കുട്ടി ഹാജി മരണപ്പെടുകയും ടി മുഹമ്മദ് കുട്ടി ഹാജിയുടെ മകനും ലീഗൽ ഹയർഷിപ്പ് ഉള്ള ആളുമായ മുഹമ്മദ് മുസാദിഖ് എന്നയാൾ വാടക കരാർ വ്യാജമായി ഉണ്ടാക്കി ലൈസൻസ് നേടാൻ ശ്രമിക്കുന്നുവെന്നും ലൈസൻസ് അനുവദിക്കരുതെന്നും പരാതി നൽകിയിട്ടുണ്ട്.

പുതിയ ലൈസൻസ് അനുവദിക്കുന്നതിനായി കെട്ടിട ഉടമസ്ഥരുടെ വാടകക്കരാർ ആവശ്യമാണ്. നിലവിൽ കെട്ടിട ഉടമസ്ഥരിൽ ഒരാൾ മരണപ്പെട്ടതിനാലും അവകാശികൾ തമ്മിൽ തർക്കം നിലനിൽക്കുന്നതിനാലും കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം നിയമാനുസരണം മാറ്റിയതിനു ശേഷമോ നിലവിലുള്ള അവകാശികളെ എല്ലാം ഉൾപ്പെടുത്തി നിയമാനുസൃത മുക്ത്യാർ ഹാജരാക്കി വാടകക്കരാർ ഹാജരാക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കുന്നതിന് നന്നമുക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

കരുളായി ഗ്രാമപഞ്ചായത്തിലെ ശ്രീ. ജാഫർ.എൻ എന്നയാൾ കരുളായിലെ ദേശസേവാ സമാജം വായനശാലയുടെ കെട്ടിടത്തിന് അനധികൃതമായി നമ്പർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി നൽകിയ പരാതി ജില്ലാ അദാലത്തിലേക്ക് നിർദ്ദേശിക്കപ്പെട്ടതിന്മേൽ പരാതിക്കാരൻറെയും പഞ്ചായത്തിൻറെയും ഭാഗം കേട്ട് ചർച്ച ചെയ്തു.

നിലവിൽ പരാതിയിലുന്നയിച്ചിരിക്കുന്ന വിഷയം അദാലത്ത് സമിതിയുടെ പരിഗണനയിലുൾപ്പെടാത്തതിനാൽ ഈ പരാതി ജോയിൻറ് ഡയറക്ടർ ഓഫീസിലെ ഇ2 സെക്ഷന് കൈമാറി പ്രസ്തുത സീറ്റിൽ നിന്നും ഇൻറേണൽ വിജിലൻസ് ഓഫീസർ വഴി അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

ഈ ചർച്ചകൾക്കും രേഖകളുടെ പരിശോധനയ്ക്കും അതിലൂടെ തീരുമാനങ്ങൾ കൈക്കൊണ്ടതിനും ശേഷം യോഗം കൃത്യം 4.50 മണിക്ക് അവസാനിച്ചു.

ജോയിൻറ് ഡയറക്ടർ
Signed by
BAIJU P
മലപ്പുറം
Date: 24-11-2023 10:13:32

പകർപ്പ് :- 1. സെക്രട്ടറി, കരുളായി ഗ്രാമപഞ്ചായത്ത്.

2. സെക്രട്ടറി, നന്നമുക്ക് ഗ്രാമപഞ്ചായത്ത്.
3. ശ്രീ. ജാഫർ.എൻ, പരാതിക്കാരൻ, കരുളായി ഗ്രാമപഞ്ചായത്ത്.
4. ശ്രീ. ഉമ്മർ എം.വി, പരാതിക്കാരൻ, നന്നമുക്ക് ഗ്രാമപഞ്ചായത്ത്.
5. ഇ2 സെക്ഷൻ, എൽ.എസ്.ജി.ഡി ജോയിൻറ് ഡയറക്ടർ ഓഫീസ്, മലപ്പുറം

I/133354/2023